# പതിനാലാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം-2

2019 മെയ് 4

നമ്പർ :647

**അനൗദ്യോഗികാംഗങ്ങൾ നോട്ടീസ് നൽകുന്ന ബില്ലുകളിലെ നിർദ്ദേശങ്ങൾ ഗവൺമെന്റ് ബില്ലുകളുടെ ഭാഗമാകുന്നപക്ഷം അനൗദ്യോഗികാംഗത്തിന്റെ പേര് ഗവൺമെന്റ് ബില്ലിൽ പരാമർശിക്കണമെന്ന ഗവൺമെന്റ് തീരുമാനം സംബന്ധിച്ച്.**

നിയമനിർമ്മാണ പ്രക്രിയയിൽ അനൗദ്യോഗികാംഗങ്ങൾ അവതരണാനുമതിക്കായി നോട്ടീസ് നൽകിയിട്ടുള്ള ബില്ലുകളിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളിൽ ഏതെങ്കിലും പിന്നീടുവരുന്ന ഗവൺമെന്റ് ബില്ലുകളുടെ ഭാഗമാക്കുകയാണെങ്കിൽ പ്രസ്തുത ഗവൺമെന്റ് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ബില്ലിനാധാരമായ വിഷയം അനൗദ്യോഗിക ബില്ലിലൂടെ മുന്നോട്ടുവച്ച അംഗത്തിന്റെ പേരുകൂടി പരാമർശിക്കുന്നത് ഉചിതമായ കാര്യമാണെന്ന് ബഹു.സ്പീക്കറുടെ അധ്യക്ഷതയിൽ ചേർന്ന പതിനാലാം കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റികൾ ഒഴികെയുള്ള സമിതി അദ്ധ്യക്ഷൻമാരുടെ യോഗം അഭിപ്രായപ്പെടുകയുണ്ടായി.

ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത നിർദ്ദേശം വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തതായും 13.03.2019 – ലെ സർക്കുലർ പ്രകാരം (നം.പാ.കാ.വ – ബി1/13/2019) ഇതിനാവശ്യമായ നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയതായും പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിക്കുകയുണ്ടായി.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.